അധികാരമുപയോഗിച്ചാൽ ആളകപ്പെ പരാതിപ്പെട്ടാലും നമുക്കൊന്നും പറയാൻ സാധിക്കുകയില്ല. ഇന്നത്തെ ആക്ടനുസരിച്ച് ഉദ്യോഗസ്ഥന്മാർക്കെ പൗരവ്വഴ്സ് ഉള്ള ഓഫീസർ എന്നു പറയുന്ന നിർവ്വചനം നമ്മുടെ നിയമങ്ങളിലെല്ലാം നോക്കുമ്പോൾ, "Who is an officer appointed under the Essential Commodities Act as a paying civil servant" ആണ്. പോപ്പുലർ കമ്മിറ്റി മെമ്പേഴ്സിനെ സിവിൽ സർവ്വൻറ്സ് ആക്കാനാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ : അഡ്വൈസറി കമ്മിറ്റിയിലുള്ള പവ്വേഴ്സ് കൊടുക്കുന്നതിനു നിയമപരമായി എന്തെങ്കിലും തടസ്സംവരുമോ?

ശ്രീമതി കെ. ആർ. ഗൗരി : ചന്ദ്രശേഖരൻനായരോട് ഞാൻ ഒരഭിപ്രായം പറയാം. പോപ്പുലർ കമ്മിറ്റിയിലും കോ-ഓർഡിനേഷൻ കമ്മിറ്റിയിലുള്ളതു പോലെയുള്ള അഭിപ്രായവ്യത്യാസങ്ങളുണ്ടാകാം. അതാണ് ഫർദറായി 'push' ചെയ്യാനുള്ള ബുദ്ധിമുട്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ബഹുജനാഭിപ്രായം പഞ്ചായത്തിന്റെ അഭിപ്രായമല്ലേ?

ശ്രീമതി കെ. ആർ. ഗൗരി : ബഹുജനാഭിപ്രായം എന്നുപറയുന്നതു് സ്റ്റാറ്റിക്കല് അല്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അതനുസരിച്ച് കൺസംട്ടേഷനും സ്റ്റാറ്റിക്കല് അല്ല. പഞ്ചായത്തുകളും മാറി മാറി വരുമ്പോൾ മാറി മാറി അഭിപ്രായം ചോദിക്കണം. അതിനു് തീയ്യാകുമോ ?

ശ്രീമതി കെ. ആർ. ഗൗരി : അതൊക്കെ പുതിയ മന്ത്രി ചെയ്യുകൊള്ളും.

മി. സ്പീക്കർ : ഈ ചോദ്യത്തിനു് എ മുതൽ ജി വരെയും വിവരം ശേഖരിച്ചു വരുന്നു എന്നാണ് മറുപടി പറഞ്ഞതു്. ഇനിമുതൽ വിവരം ശേഖരിച്ചുവരുന്നു എന്നു പറഞ്ഞാൽ വിശ്വസിക്കാം. നാക്കുകയില്ല. വിവരം ശേഖരിച്ചുവരുന്നു എന്നു ചോദ്യത്തിനാണ് ഇതുവരെയും മറുപടി പറഞ്ഞതു്. ബഹുമാനപ്പെട്ട മന്ത്രിക്കു എല്ലാം കാണാപ്പാഠമാണ്, സന്ദർഭവശാൽ ഞാൻ ഇതങ്ങു പറഞ്ഞു എന്നേയുള്ളൂ. അതല്ലാതെ കാര്യമായി പറഞ്ഞതല്ല.

(ii) Written Answer

അരി റേഷൻ കുറവുചെയ്യൽ

* 192. [708] ശ്രീ. കെ. ടി. ജേക്കബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്കു ഗതാഗതമന്ത്രി സദയം മറുപടി തരുകയോ :

(എ) സംസ്ഥാനത്തു നിലവിലുള്ള അരിറേഷൻ കുറവു ചെയ്യുന്നതിനോ വർദ്ധിപ്പിക്കുന്നതിനോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കേന്ദ്രത്തിൽനിന്നും ലഭിച്ചുവരുന്ന അരി കുറയുമെന്നോ വർദ്ധിക്കുമെന്നോ വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ) :

(എ) ആളൊന്നുക്കു് ദിവസേന 160ഗ്രാം എന്ന തോതിലാണ് സംസ്ഥാനത്തു് ഇപ്പോൾ അരിറേഷൻ അനുവദിച്ചിട്ടുള്ളതു്. ഇപ്പോഴത്തെ തീരുമാനമനുസരിച്ച് ഈ തോതു് ഒക്ടോബർ 4-ാംതീയതിവരെ തുടരുന്നതാണ്. അരിയുടെ സ്റ്റോക്കുനില കണക്കിലെടുത്തു്, 5-10-'69 മുതൽ ഈ തോതു് നിലനിർത്തുകയോ കുറയ്ക്കുകയോ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രത്തിൽനിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. കേന്ദ്രം പ്രതിമാസം അലോട്ടുചെയ്യുന്ന അരിയുടെ കണക്ക് 1968 ഒക്ടോബർ മുതൽ കേന്ദ്രം കേരളഗവണ്മെൻറിനെ മുൻകൂട്ടി അറിയിക്കുന്നില്ല. ഓരോ മാസവും ലഭിച്ചുകൊണ്ടിരിക്കുന്ന അരിയുടെ അളവും വ്യത്യസ്തമാണ്.

2. ADJOURNMENT MOTION

Attack on a section of persons who gathered to take part in a rally at Trichur

മി. സ്പീക്കർ : സി. പി. ഐ., മുസ്ലീം ലീഗ്, ആർ. എസ്. പി. ഐ. എസ്. പി. എന്നീ പാർട്ടികളുടെ സംയുക്ത നേതൃത്വത്തിൽ ഈ ഞായറാഴ്ച തൃശ്ശൂർ വച്ച് നടന്ന റാലിയിൽ പങ്കെടുക്കുവാൻ പോയ ഒരു സംഘം പ്രവർത്തകരെ അക്രമിക്കുകയും പരുക്ക് ഏൽപ്പിക്കുകയും ചെയ്തതിനെ തുടർന്ന് സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ചർച്ചചെയ്യുവാൻ ശ്രീ. ശേഷൻ അടിയന്തിര പ്രമേയത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ) : സർ, അങ്ങനെയൊരു ഇപ്പോഴാണ് മാത്രമെ വിവരം കിട്ടിയിട്ടുള്ളൂ. അന്വേഷിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

Mr. Speaker : In view of the reply by the hon. Minister, I am withholding permission for moving the motion.

3. CALLING ATTENTION UNDER RULE 61

Forcible removal of harvests of the Harijans by the Jenmies in Payyavur

തളിപ്പറമ്പ് താലൂക്കിൽ 'പയ്യാവൂർ' പോലെയുള്ള മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഹരിജനങ്ങളുടെ കൃഷിസ്ഥലങ്ങളിൽനിന്നും നെല്ല് കൊയ്തുകൊണ്ടു പോയതിനെ തുടർന്ന് അവിടെ ഉണ്ടായിട്ടുള്ള അരക്ഷിതാവസ്ഥ മാറുന്നതിനു വേണ്ട നടപടികളും കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനു ശ്രീ. രാഘവപൊതുവാൾ റൂൾ 61 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. പി. രാഘവപൊതുവാൾ : സർ, പയ്യാവൂരിൽ വളരെ കാലമായി അവിടെയുള്ള പാവപ്പെട്ട കൃഷിക്കാർ നെൽകൃഷി ചെയ്തുവരികയാണ്. പക്ഷെ അവിടത്തെ ജന്മികളുടെ ഗുണ്ടകൾ നെല്ല് കൊയ്തെടുത്തുകൊണ്ടു പോയിരിക്കുകയാണ്. പാവപ്പെട്ട ഹരിജനങ്ങൾക്ക് വേണ്ട പോലീസ് സഹായം കിട്ടിയിട്ടില്ലെന്നുള്ളതും ആ പ്രദേശം ആ വസ്തുത പരിഗണിച്ച് അടിയന്തിരമായും പോലീസ് സഹായം നൽകുന്നതിനും നിയമപരമായ എല്ലാ സഹായങ്ങളും ഹരിജനങ്ങൾക്ക് കൊടുക്കുവാനും ഞാൻ ബന്ധപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. കെ. കൃഷ്ണൻ : സർ, ഇതേക്കുറിച്ച് വിവരം ശേഖരിച്ച് രണ്ടു ദിവസത്തിനുള്ളിൽ പറയാം.

മി. സ്പീക്കർ : കോതമംഗലം മാർ അത്തനേഷ്യസ് കോളേജിൽ 29-9-1969-ൽ സത്യഗ്രഹം നടത്തിയ വിദ്യാർത്ഥികളെ മർദ്ദിച്ചതിനെ തുടർന്ന് അവിടെ ഉണ്ടായിരിക്കുന്ന സംഘർഷാവസ്ഥ പരിഹരിക്കുന്നതിനു വേണ്ട നടപടികളും എടുക്കണമെന്നും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ശ്രീ. മീതിയൻ റൂൾ 61 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ നടപടിക്കുവേണ്ടി വയ്ക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly